(ബി) ആവശ്യമായ ഭൂമി ലഭ്യമാകാത്തതിനാൽ ആദ്യകരാറുകാരനു് പണി ആരംഭിക്കുവാൻ കഴിയാതെപോയതിനെ തുടർന്നു് ആ കരാർ അവസാനിപ്പിക്കേണ്ടിവന്നു. പണി വീണ്ടും ടെണ്ടർ ചെയ്തു് മറെറാരു കരാറുകാരനെ ഏൽപ്പിക്കുകയുണ്ടായി. എന്നാൽ കരാർ കാലാവധി കഴിഞ്ഞപ്പോഴും ആ കരാറുകാരനും പണി പൂർത്തിയാക്കാതെ ഉപേക്ഷിച്ചു പോയി. പ്രസ്തുത കരാർ അവസാനിപ്പിച്ചു് പണി വേറെ കരാറുകാരനെ ഏൽപ്പിക്കുന്നതിനുള്ള നടപടികളും പരിഗണനയിലിരിക്കുന്നു.

കണ്ണൂരിലെ പുലുപ്പിക്കടവു് പാലംപണി

404 [439] ശ്രീ. പി. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യത്തിനു് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂരിലെ പുലുപ്പിക്കടവിനു പാലം നിർമ്മിക്കുവാൻ വർഷങ്ങളായി ബഡ്ജറിൽ വകയിരുത്തിയിട്ടും പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

പുലുപ്പിക്കടവു് പാലം നിർമ്മിക്കേണ്ടതു് കണ്ണാടിപറമ്പു്—പുലുപ്പിക്കടവു് എന്ന പഞ്ചായത്തു് റോഡിലാണു്. ഈ റോഡു് പൊതുമരാമത്തു് വകുപ്പു് ഏറെറടുത്ത ശേഷമേ പൊതുമരാമത്തു് വകുപ്പു് പാലം പണിയുന്ന കാര്യം ഉദിക്കുന്നുള്ളൂ.

അഗസ്ത്യൻമൂഴി പാലത്തിന്റെ പണി

405 [440] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. റോഡു പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തിരുവമ്പാടി—തൊണ്ടിമ്മേൽ അഗസ്ത്യൻമൂഴി റോഡിലെ അഗസ്ത്യൻമൂഴി പാലത്തിന്റെ ഇൻവെസ്റിഗേഷൻ പൂർത്തിയായോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നു് ആരംഭിക്കും?

ഉത്തരം

(എ) ഇല്ല.

(ബി) ഇൻവെസ്റിഗേഷൻ പൂർത്തിയാക്കി. ഡിസൈനും എസ്റിമേറും തയ്യാറാക്കി മറു സാങ്കേതിക നടപടികളും പൂർത്തിയാക്കിയ ശേഷമേ പണി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

മണ്ണംകുണ്ടു് പാലത്തിന്റെ പണി

406 [441] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ വെസ്റ് കോസ്റ് ഡിവിഷനിൽപ്പെട്ട മണ്ണംകുണ്ടു് പാലത്തിന്റെ പണി ടെണ്ടർ ചെയ്തുവോ;

(ബി) ഇല്ലെങ്കിൽ കാരണമെന്താണു്;

LIBRARY ARCHIVES Kerala Legislative Assembly